(സി) പുതിയതായി അനുവദിച്ച ശാഖകളിൽ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ ടി ശാഖകളിൽ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും ഇല്ല.

ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ

109 (454) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര തുക ഗ്രാന്റായി നൽകി ; ഏതെല്ലാം സംഘങ്ങൾക്ക് എത്ര തുക വീതം ; വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി നിലവിലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ 47 സഹകരണ സ്ഥാപനങ്ങൾക്ക് 85,27,500 രൂപ ഗ്രാന്റായി നൽകി. സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജില്ലാ അടിസ്ഥാനത്തിലല്ല ധനസഹായത്തിന് സംഘങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ആലപ്പുഴ ജില്ലയിലെ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി നിലവിലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.

നാട്ടിക മണ്ഡലത്തിലെ ത്രിവേണി/നന്മ/നീതി സ്റ്റോറുകൾ

110 (455) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി /നീതി/ നന്മ സ്റ്റോറുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ സ്റ്റോറുകളിൽ വേണ്ടത്ര ഉല്പന്നങ്ങൾ വില്പനക്കില്ലാത്തതുകൊണ്ട് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഒരു ത്രിവേണി സ്റ്റോറും 8 നീതി സ്റ്റോറുകളും 4 നന്മസ്റ്റോറുകളും പ്രവർത്തിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly